**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1903** **11-10-2021 - ൽ മറുപടിയ്ക്ക്**

**കായികതാരങ്ങൾക്ക് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നാഷണൽ ഗെയിംസിൽ മെഡൽ നേടിയവർക്ക് ജോലി നൽകാമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 35-മത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായിക താരങ്ങളിൽ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യ കാര്യാലയത്തിൽ എൽ.ഡി.ക്ലർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കായിക താരത്തിന് (ശ്രീ.സുഭാഷ്.കെ.കെ.) എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഇല്ലാതിരുന്നതിനാൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടില്ല. ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 2010-14 കാലത്തെ സ്പോർട്സ് ക്വാട്ട നിയമനപട്ടികയിൽ ഉൾപ്പെട്ട അൻപത്തിനാല് കായികതാരങ്ങൾ നിയമനം ലഭിക്കാത്തതിനെ തുടർന്ന് സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇവർക്ക് എത്രയും വേഗം നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന |

| | | | |
|---|---|---|---|
| | | | ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ